തടവുപുള്ളിയെ സാധാരണനിയമമനസരിച്ച് ഇന്ത്യയിലേക്ക് അയയ്ക്കാമെന്ന് ഏററതിനുശേഷം പടിഞ്ഞാറെ ജർമനി, മുൻതീരുമാനം മാററി ജയിലിൽനിന്നു വിട്ട്, കാനഡയിലേക്ക രക്ഷപ്പെടാൻ അനുവദിക്കുകയുണ്ടായി. ഈ സംഭവങ്ങളെല്ലാം കാണിക്കുന്നത് അമേരിക്കൻ ചേരിയിൽപ്പെട്ട രാജ്യങ്ങളിൽ പഞ്ചാബ്പ്രശ്നത്തിൻെറ പേരിൽ ഇന്ത്യയ്ക്കെതിരായ പ്രചാരവേല ശക്തിപ്പെടുമെന്നും, ഐക്യരാഷ്ട്രസഭയിൽത്തന്നെ ഇതൊരു വിവാദവിഷയമായേക്കാമെന്നുമാണ്. ഭീകരപ്രവത്തകർ ഇന്ത്യയ്ക്കുള്ളിൽ അട്ടിമറി നടത്തിക്കൊണ്ടിരിക്കെ, ഖാലിസ്ഥാൻവാദികരം അന്താരാഷ്ട്രീയരംഗത്ത് ഇന്ത്യാഗവൺമെൻറിനെ അലോസരപ്പെടുത്താനും നാണംകെടുത്താനും ശ്രമിച്ചുകൊണ്ടിരിക്കും. അതിനു് അവർക്ക് ഉയന്നതലങ്ങളിൽനിന്നു സഹായം ലഭിക്കുകയുംചെയ്യും.

പഞ്ചാബ് ലഹളയുടെ ഗൗരവം ഇന്ത്യയ്ക്കകത്തുതന്നെ ഇനിയും വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ നേരിടേണ്ടിവന്ന ഏററവും നിർഭാഗ്യകരമായ വിപത്തായിരുന്നു ഈ കലാപം. ഒരു ആഭ്യന്തരയുദ്ധം എന്നു നാം അതിനെ വിളിക്കുന്നില്ലെങ്കിലും, ഏതാണ്ട് ഒരു ആഭ്യന്തരയുദ്ധംതന്നെയായിരുന്നു അത്. ഒരു ലക്ഷത്തോളം പട്ടാളക്കാരെ ഈ കലാപം അമർച്ചചെയ്യുന്നതിനായി പഞ്ചാബിലേക്ക നിയോഗിച്ചിരുന്നു. കലാപത്തിൻഫലമായി പഞ്ചാബിലുണ്ടായ സാമ്പത്തികനഷ്ടം ആയിരംകോടി രൂപയിൽ അധികമായിരിക്കും. മരണം നാലായിരത്തോളമേ ഉണ്ടായുള്ളൂ ദൈവത്തിനു സ്തുതി. കലാപത്തിലടങ്ങിയ പ്രശ്നമാകട്ടെ, ഇന്ത്യ എന്ന രാഷ്ട്രം നിലനിൽക്കണമോ എന്നതായിരുന്നുതാനും.

ഈ അടിസ്ഥാനപ്രശ്നത്തിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള ഒരു പരിഹാരവും പഞ്ചാബ്കുഴപ്പത്തിനു് സ്വീകാര്യമല്ല. പ്രശ്നത്തിൻെറ ഗൗരവം മനസ്സിലാക്കാതെ, അടുത്ത തെരഞ്ഞെടുപ്പിൽ ഏതാനും വോട്ടുകരം നേടുന്നതിനു് ഒരു തഞ്ചമായി പഞ്ചാബ് കുഴപ്പത്തെ കൈകാര്യംചെയ്യുന്നവർ ഏതു കക്ഷിയിൽപ്പെട്ടവരായാലും, കടുത്ത രാജ്യദ്രോഹമാണു പ്രവത്തിക്കുന്നത്. അവരുടെ തനിനിറം ജനങ്ങരം കാണേണ്ടിയിരിക്കുന്നു. അഭിപ്രായഭേദം വിസ്മരിച്ച് ഈ പ്രശ്നത്തിൽ കേന്ദ്രഗവൺമെൻറ് കൈക്കൊള്ളുന്ന നടപടികരംക്ക പിന്തുണ നൽകുകയാണ് ഓരോ ദേശാഭിമാനിയുടെയും കടമ.

(31 ജൂലൈ, 1984)

# 24. രാഷ്ട്രപതിയെ അഭിനന്ദിക്കുക!

പഞ്ചാബിലെ പ്രക്ഷോഭം ഇനിയും കെട്ടടങ്ങിയിട്ടില്ല. സുവർണക്ഷേത്രവും അതോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും പുരോഹിതന്മാരിലൂടെ ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിക്ക കൈമാറുകയും അവയിൽനിന്നു് പട്ടാളം ഒഴിഞ്ഞുപോരുകയും ചെയ്തിരിക്കുന്നു. തങ്ങളുടെ ആരാധനാകേന്ദ്രങ്ങരം പട്ടാളത്തിൻെറ കൈവശമാണെന്ന ഖേദവും രോഷവും സിഖുകാർക്ക് ഇനി ഉണ്ടാകേണ്ടതില്ല മതത്തിൻെറ പേരിൽ തങ്ങരംക്കെതിരെ വിവേചനം ആചരിക്കപ്പെടുന്നു എന്ന ആക്ഷേപം ഇപ്പോരം സിഖ്കാർക്ക് ഉന്നയിക്കാനില്ല. അതിനാൽ, പഞ്ചാബ്സംസ്ഥാനത്തിൻെറ പ്രശ്നങ്ങളെ ഒരു മതത്തിൻെറയോ ഒരു സമുദായത്തിൻെറയോ പ്രശ്നങ്ങളെന്ന നിലയിലല്ലാതെ തികച്ചും രാഷ്ട്രീയപ്രശ്നങ്ങളെന്ന നില

യിൽ നോക്കിക്കാണാനും, ആ നിലയിൽ അവസ്ഥ പരിഹാരങ്ങൾ കണ്ടെത്താനുമുള്ള സാഹചര്യം കൈവന്നിരിക്കുന്നു.

ഇന്ത്യൻ യൂണിയനിൽനിന്നു വിട്ട് സ്വതന്ത്രമായ ഒരു ഖാലിസ്ഥാൻ രാഷ്ട്രം സ്ഥാപിക്കണമെന്ന സിഖ്തീവ്രവാദികളുടെ ആവശ്യത്തെ ഇന്ത്യയെന്ന രാഷ്ട്രം ഒരിക്കലും അംഗീകരിക്കയില്ല എന്നു സംശയാതീതമാം വിധത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വേണ്ടിവന്നാൽ ഒരു ആഭ്യന്തരയുദ്ധമെന്ന തിന്മയെ നേരിട്ടുകൊണ്ടുതന്നെ ഇന്ത്യ ഈ വാദത്തെ അടിച്ചമർത്തും. ഇതു് ഇന്ത്യയിൽ ഒരു പാർട്ടിയുടെ പ്രശ്നമല്ല; ഇന്ത്യയെന്ന മഹാരാഷ്ട്രത്തിലെ മുഴുവൻ ജനങ്ങളുടെയും വികാരമാണ്. സുവർണക്ഷേത്രത്തിലെ പട്ടാള നടപടികൾക്ക് ഹാർദമായ പിൻതുണയാണ് ഇന്ത്യയിലെ ബഹുജനങ്ങൾ നൽകിയിട്ടുള്ളതു്. അധികാരമോഹികളായ പാർട്ടിക്കോമരങ്ങൾ എങ്ങനെയെല്ലാം ഉറഞ്ഞുതുള്ളിയാലും, അമൃതസരസ്സിലും, പഞ്ചാബിൽ മററിടങ്ങളിലും കൈക്കൊണ്ട നടപടികളിൽ ഭാരതീയ ജനതയുടെ മുഴുവൻ അഭിനന്ദനം നമ്മുടെ സൈന്യം നേടിയിട്ടുണ്ട്.

മററു സ്റ്റേററുകൾക്കെന്നപോലെ പഞ്ചാബ് സ്റ്റേററിനും അതിൻേറതായ പ്രശ്നങ്ങളുണ്ടാവാം. ചണ്ഡീഗഢ് എന്ന തലസ്ഥാനനഗരം പഞ്ചാബിനുമാത്രമായി ലഭിക്കണമെന്ന വാദം ഇക്കൂട്ടത്തിൽപ്പെട്ടതാണ്. പഞ്ചാബിലൂടെ ഒഴുകുന്ന നദികളിലെ വെള്ളം എങ്ങനെ ഉപയോഗിക്കപ്പെടണമെന്നതു സംബന്ധിച്ചും പഞ്ചാബുകാർക്കു് ചില അവകാശവാദങ്ങളൊക്കെ ഉന്നയിക്കാനുണ്ടാവാം. പഞ്ചാബി ഭാഷ സംസാരിക്കുന്നവർക്കു ഭൂരിപക്ഷമുള്ളവയും ഇപ്പോൾ അയൽസംസ്ഥാനങ്ങളിൽപ്പെട്ടുകിടക്കുന്നവയുമായ ചില പ്രദേശങ്ങൾ പഞ്ചാബിലേക്കു ചേർക്കണമെന്നും അഭിപ്രായമുണ്ടാവാം. ഇത്തരം അവകാശവാദങ്ങളെല്ലാം ചർച്ചകളിലൂടെ, സമാധാനപരമായി, രാഷ്ട്രീയതലത്തിൽ പരിഹരിക്കപ്പെടേണ്ടതാണ്. ഒരു സമൂഹമെന്ന നിലയിൽ, തങ്ങൾ കൂടുതലായി പാർക്കുന്ന സംസ്ഥാനത്തിൻെറ ഭരണകാര്യങ്ങളിൽ സിഖ്കാർക്ക് 'മുമ്പും കൈയും' ലഭിക്കാൻ എന്തു ചെയ്യണം എന്ന പ്രശ്നവും ഉണ്ടാവാം. ബലപ്രയോഗത്തിലൂടെ പരിഹാരം കാണേണ്ടവയല്ല ഈ പ്രശ്നങ്ങളൊന്നും. ഇരുവശത്തും വിവേകവും വിട്ടുവീഴ്ച മനോഭാവവും, രാഷ്ട്രത്തിൻെറ പൊതുതാല്പര്യങ്ങളെപ്പററി വ്യക്തമായ ധാരണയും ഉണ്ടെങ്കിൽ, ഈ പ്രശ്നങ്ങൾ എല്ലാംതന്നെ ഇനിയും സൗഹാർദപൂർവം പരിഹരിക്കാവുന്നതേയുള്ളു.

പഞ്ചാബിൽ അസ്വാസ്ഥ്യം തീപോലെ ആളിപ്പടന്നകാലത്തു് വ്യക്തിപരമായി ഏററവും അധികം ക്ലേശം അനുഭവിച്ചിരിക്കുക ഇന്ത്യയുടെ രാഷ്ട്രപതി ജ്ഞാനി സെയ്ൽസിംഗ് ആയിരിക്കണം. രാഷ്ട്രപതി സ്റ്റേററിൻെറ തലവൻ മാത്രമാണ്; അതിൻെറ നിർവഹണാധികാരിയല്ല. രാജ്യത്തിൻെറ പ്രതിനിധിയാണെങ്കിലും, രാജ്യം ഭരിക്കുന്നതു് രാഷ്ട്രപതിയല്ല. അതാതുകാലത്തെ ഗവണ്മെൻറിൻെറ (മന്ത്രിസഭയുടെ) നയപരിപാടികൾക്കു് അനുസരിച്ചു പ്രവർത്തിക്കാൻ രാഷ്ട്രപതി ബാധ്യസ്ഥനാണ്. പ്രസിഡണ്ടിനു് പ്രധാനമന്ത്രിയോടു് കൂറുണ്ടായിരിക്കണമെന്നാണ് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നതു്. തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ കേന്ദ്രത്തിൽ ഇല്ലാതാവുന്ന സന്ദർഭത്തിൽ മാത്രമേ രാഷ്ട്രപതിക്കു് സ്വന്തം വിവേചനാധികാരം ഉപയോഗിക്കാൻ അധികാരമുള്ളു.

അതിനാൽ, പഞ്ചാബ് പ്രശ്നത്തെ എങ്ങനെ നേരിടണമെന്ന കാര്യത്തിൽ, ഇന്ദിരാഗാന്ധിയുടെ ഗവണ്മെൻറിൻേറതിൽനിന്നു വ്യത്യസ്തമായി എന്തെങ്കിലും അഭിപ്രായം രാഷ്ട്രപതി ജ്ഞാനി സെയ്ൽസിംഗിനു് ഉണ്ടായിരുന്നെങ്കിൽത്തന്നെ, അതു പ്രകടിപ്പിക്കാൻ ഭരണഘടനാവിധേയമായ യാതൊരു സന്ദർഭവും അദ്ദേഹത്തിനു് ലഭ്യമായിരുന്നില്ല.

അതേസമയം, അഗാധമായ സിഖ്മതവിശ്വാസമുള്ള ഒരു ഗ്രാമീണനാണ് ജ്ഞാനി സെയ്ൽസിംഗ്. പിന്നീട് കൃഷിക്കാരായി മാറിയെങ്കിലും പിന്നോക്കം നിൽക്കുന്ന ഒരു സമുദായമായി കണക്കാക്കപ്പെടുന്ന ആശാരിമാരുടെ കുടുംബത്തിലാണ് അദ്ദേഹം പിറന്നത്. സ്കൂളിൽ കഷ്ടിച്ച് എസ്. എസ്. എൽ. സി. വരെ പഠിക്കാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. എങ്കിലും, സിഖ്മതസാഹിത്യത്തിൽ അദ്ദേഹം അവഗാഹം നേടുകയും, 'ജ്ഞാനി' എന്ന ബിരുദത്തിനു തന്നെ അർഹനാക്കിയ മതസാഹിത്യപരീക്ഷയിൽ വിജയിക്കുകയുംചെയ്തു. രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ആർജിച്ചതാണ് അദ്ദേഹത്തിന്റെ ലോകവിജ്ഞാനം. രാഷ്ട്രപതിയായിക്കഴിഞ്ഞശേഷവും, ജ്ഞാനി സെയ്ൽസിംഗിന്റെ വേരുകൾ ഉൾനാട്ടിലെ കർഷകജീവിതത്തിലാണ്.

ഈ പരിതഃസ്ഥിതിയിൽ ഭിന്ദ്രൻവാലേയുടെയും കൂട്ടുകാരുടെയും മരണത്തിൽക്കലാശിച്ച സുവർണ്ണക്ഷേത്രത്തിലെ സൈനിക നടപടികൾ ജ്ഞാനി സെയ്ൽസിംഗിന് എത്രമാത്രം മനോവേദന ഉളവാക്കിയിരിക്കാമെന്ന് ഊഹിക്കാവുന്നതേയുള്ളു. എന്നാൽ, പാശ്ചാത്യവിദ്യാഭ്യാസം പരമാവധി നേടുകയും, തന്റെ ഭൗതികവാദപരമായ വീക്ഷണത്തിൽ ഊററം കൊള്ളുകയും, എല്ലാ മതവിശ്വാസങ്ങളെയും പുച്ഛിച്ചു തള്ളുകയും ചെയ്തിരുന്ന ഖുശ്വന്ത്സിംഹിനെപ്പോലുള്ള അത്യാധുനിക സിഖ്–ബുദ്ധിജീവികൾപോലും മത–സാമുദായിക വികാരങ്ങൾക്കു വിധേയരായി, കേന്ദ്രഗവണ്മെൻറിന്റെ നടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തിയ അവസരത്തിൽ മൗനം പുലർത്തുക മാത്രമല്ല, കേന്ദ്രസർക്കാരിന്റെ നടപടിയുടെ പിന്നിൽ ഉറച്ചുനില്ക്കുകകൂടി ചെയ്ത ജ്ഞാനി സെയ്ൽസിംഗിന്റെ ഹൃദയത്തെ മഥിച്ച ധർമസങ്കടം എത്രയെന്ന് ഊഹിച്ചറിയുവാൻ പോലും പ്രയാസമായിരിക്കും.

സൈനിക നടപടി നടന്നു കഴിഞ്ഞശേഷം, സിഖ്ജനതയുടെ വ്രണിതഹൃദയങ്ങൾക്ക് ആശ്വാസം പകരുന്നതിനുള്ള നടപടികളിൽ, രാഷ്ട്രപതിസ്ഥാനത്തിന് അനുയോജ്യമെന്നു കരുതപ്പെടുന്ന ഔന്നത്യമോ ദൂരമോ പാലിക്കാതെതന്നെ, ജ്ഞാനി സെയ്ൽസിംഗ് മുൻകൈ എടുക്കുകയുണ്ടായി. ഇന്ത്യാഗവണ്മെൻറിന്റെ പ്രവൃത്തിയിൽ സ്വാഭാവികമായും ക്രുദ്ധമായ സിഖ്സമുദായം (സംഗത്) അദ്ദേഹത്തെ മതഭ്രഷ്ടൻ (ടാൻഖൈയാ) ആയി പ്രഖ്യാപിച്ചു. എങ്കിലും ജ്ഞാനി സെയ്ൽസിംഗ് നേരിട്ടും, തന്റെ വിശ്വസ്തരായ അനുയായികളിൽക്കൂടെയും, അകാൽതഖ്തിലെ പുരോഹിതരോടും ശിരോമണി ഗുരുദ്വാര പ്രബന്ധക്സമിതിയിലെ മിതവാദിനേതാക്കളോടും അഭിമാനംവിട്ടും ബന്ധം പുലർത്തി. സുവർണക്ഷേത്രത്തിൽനിന്നും പരിസരങ്ങളിൽനിന്നും പട്ടാളത്തെ പിൻവലിക്കുന്നതിനും ഈ വിശുദ്ധമന്ദിരങ്ങൾ പുരോഹിതർവഴി ശിരോമണി ഗുരുദ്വാര പ്രബന്ധക്സമിതിക്കു തിരിച്ചേല്പിക്കുന്നതിനും ഇത്രയും വേഗത്തിൽ വഴിയൊരുക്കിയതു് രാഷ്ട്രപതിയുടെ ഈ പ്രവൃത്തനങ്ങളായിരുന്നു. കൃതജ്ഞരായ സിഖ്പുരോഹിതന്മാർ അദ്ദേഹത്തിന്റെമേൽ ഇരുപത്തിനാലു ദിവസംമുമ്പു ചുമത്തിയ മതഭ്രഷ്ട് പിൻവലിക്കുകയുംചെയ്തു.

സുവർണക്ഷേത്രത്തിൽ പട്ടാളം കടന്ന സമയത്തു് ഒരു ഹിന്ദുവോ മുസ്ലിമോ ആയിരുന്നു രാഷ്ട്രപതിയെങ്കിൽ, ആ പട്ടാളനടപടിക്കുണ്ടാകാമായിരുന്ന പ്രത്യാഘാതം ഏറെ വ്യത്യസ്തമായിരുന്നേനെ. പട്ടാളനടപടിയിൽ പ്രതിഷേധിച്ച് ജ്ഞാനി സെയ്ൽസിംഗ് തന്റെ രാഷ്ട്രപതിസ്ഥാനം രാജിവയ്ക്കുകയോ മറേറാ ചെയ്തിരുന്നുവെങ്കിൽ, സ്വാതന്ത്ര്യഭാരതചരിത്രത്തിൽ അഭൂതപൂർവമായ ഒരു പ്രതിസന്ധി അതിൻഫലമായി ഉളവാകുമായിരുന്നു. രാഷ്ട്രപതിസ്ഥാനം രാജിവെക്കുന്നതിനു മതക്ഷേ

നായ ഈ ഗ്രാമീണ സിഖ്കാരന്റെമേൽ കനത്ത സമ്മർദങ്ങൾ ചെലുത്തപ്പെട്ടിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. രാഷ്ട്രത്തിന്റെ ഭാഗ്യംകൊണ്ടാണ് ഈ സമ്മർദങ്ങളെ ജ്ഞാനി സെയ്ൽസിംഗ് അതിജീവിച്ചത്.

ഇന്ത്യയുടെ രാഷ്ട്രപതി (പ്രസിഡണ്ട്) ആയി സ്ഥാനം ഏറ്റെടുക്കുന്ന ഒരാൾ മൂന്നു കർത്തവ്യങ്ങൾ നിർവഹിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

1. ഇന്ത്യയുടെ പ്രസിഡണ്ട് എന്ന ജോലി വിശ്വസ്തതയോടെ താൻ നിർവഹിക്കും.

2. തന്റെ കഴിവനുസരിച്ച് ഇന്ത്യയുടെ ഭരണഘടനയേയും ഇവിടത്തെ നിയമത്തെയും നിലനിർത്തുകയും സംരക്ഷിക്കുകയും എതിർക്കപ്പെടാതെ നോക്കുകയും ചെയ്യും.

3. ഇന്ത്യയിലെ ജനങ്ങളുടെ നന്മയ്ക്കും സേവനത്തിനുമായി തന്നത്താൻ സമർപ്പിക്കും.

രാഷ്ട്രപതി ജ്ഞാനി സെയ്ൽസിംഗ് ഈ മൂന്നു കർത്തവ്യങ്ങളും ഈ പ്രതിസന്ധിഘട്ടത്തിൽ പ്രശംസാർഹമാംവിധം നിറവേററിയിരിക്കുന്നു. പഞ്ചാബ് പ്രക്ഷോഭണം സംബന്ധിച്ച് താൻ കൈക്കൊണ്ട നിലപാടിലൂടെയും, അന്തരഞ്ജനത്തിന്റെ മാർഗം തുറന്നു കിട്ടുന്നതിനായി സ്വമേധയാ താൻ സ്വീകരിച്ച നടപടികളിലൂടെയും, അദ്ദേഹം ഇന്ത്യൻ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും നൽകിയ സംഭാവന വിലമതിക്കാനാവാത്തതത്രേ.

സാധാരണക്കാരിൽ സാധാരണനായ ഈ രാഷ്ട്രപതിയോട് ഓരോ ഭാരതീയനും കൃതജ്ഞനാകേണ്ടതാണ്.

(11 ഒക്ടോബർ, 1984)

# 25. ആനന്ദ്പുർ സാഹിബ് പ്രമേയം

കെട്ടുപിണഞ്ഞുകിടക്കുന്ന സിഖ് പ്രശ്നത്തിനു ജനാധിപത്യപരമായ ഒരു പരിഹാരം കണ്ടെത്തുവാൻ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യാഗവണ്മെന്റ് ശ്രമം ആരംഭിച്ചിരിക്കുകയാണ്.

സിഖ്കാരുടെ മുഴുവൻ പ്രാതിനിധ്യം അവകാശപ്പെടുന്ന ഒരു മത–രാഷ്ട്രീയസംഘടനയാണ് ശിരോമണി അകാലിദൾ. അകാലിദളിന്റെ പ്രവർത്തകസമിതി പഞ്ചാബിൽ നംഗലിനടുത്തുള്ള പ്രസിദ്ധമായ 'ആനന്ദ്പുർ സാഹിബ്' എന്ന ഗുരുദ്വാരയിൽ 1973 ഒക്ടോബറിൽ സമ്മേളിച്ച്, സിഖ്കാർ ഇന്ത്യൻ യൂണിയനിൽനിന്നു വിട്ടു സ്വതന്ത്രമായ ഒരു രാഷ്ട്രം സ്ഥാപിക്കണമെന്ന അർത്ഥം വരുന്ന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. 'ആനന്ദ്പുർ സാഹിബ് പ്രമേയം' എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ കേന്ദ്രഗവണ്മെന്റുമായി യാതൊരു രാഷ്ട്രീയചർച്ചകൾക്കും തങ്ങൾ തയ്യാറല്ലെന്നതാണ് ഇന്നോളം അകാലിദൾ നേതാക്കളുടെ ഉറച്ച നിലപാട്. അതേസമയം, 'ആനന്ദ്പുർ സാഹിബ് പ്രമേയം' തങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു എന്നു പരസ്യമായി പ്രഖ്യാപിക്കുംവരെ അകാലിദൾനേതാക്കളുമായി ഒരു കൂടിയാലോചനയ്ക്കും ഇന്ത്യാഗവണ്മെന്റ് തയ്യാറല്ല എന്ന നിലപാടിൽ ഇന്ത്യാഗവണ്മെന്റും ഉറച്ചുനിൽക്കുന്നു.